B

6001

# സമഗ്ര ശിക്ഷ, കേരളം
# വാർഷിക മൂല്യനിർണയം 2018–19

## ആരോഗ്യ കായികവിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, പ്രവൃത്തിപഠനം

ക്ലാസ് - 6

സമയം : 2 മണിക്കൂർ

### പൊതുനിർദേശങ്ങൾ

- ആരോഗ്യ കായികവിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, പ്രവൃത്തി പഠനം എന്നീ വിഷയങ്ങളെ മൂന്നു വിഭാഗങ്ങളായിട്ടാണ് ചോദ്യപേപ്പറിൽ ക്രമീകരിച്ചിട്ടുള്ളത്.
- ഓരോ വിഭാഗത്തിനും 15 സ്കോർ വീതം.
- ആദ്യത്തെ 15 മിനിട്ട് സമാശ്വാസസമയമാണ്.
- മൂന്നു വിഭാഗത്തിന്റേയും ഉത്തരങ്ങൾ പ്രത്യേകം പേപ്പറിൽ എഴുതി നൽകേണ്ടതാണ്. അവയിലെല്ലാം പേര്, വിഷയം, ക്ലാസ്, ഡിവിഷൻ, റോൾ നമ്പർ എന്നീ വിവരങ്ങൾ രേഖപ്പെടുത്തണം

## ആരോഗ്യ കായികവിദ്യാഭ്യാസം


**1 മുതൽ 4 വരെയുള്ള ചോദ്യങ്ങളുടെ ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക**

1. പുരാതന ഒളിംമ്പിക്സ് ആരംഭിച്ചത് എന്ന്?
   (BC-615, BC- 776, BC- 840, BC- 970 )
2. ഡേവിഡ് കപ്പ് താഴെ കൊടുത്തിരിക്കുന്നവയിൽ ഏതു കായിക ഇനവുമായി ബന്ധപ്പെട്ടിരിക്കുന്നു?
   (ക്രിക്കറ്റ്, ഫുട്ബോൾ, ഹോക്കി, ടെന്നീസ്)
3. കനോയിങ് എന്ന കായിക ഇനം ഏത് മേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നു?
   (കര, ജലം, വായു, ഐസ്)
4. ശരീരത്തിന്റെ ആകൃതിയിൽ മാറ്റമുണ്ടാവുകയും വലിപ്പത്തിലും ഭാരത്തിലും വർദ്ധനവുണ്ടാകുകയും ചെയ്യുന്ന പ്രക്രിയയാണ്?
   (വികാസം, പാരമ്പര്യം, വളർച്ച, ആരോഗ്യം)

**5 മുതൽ 9 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക.**

5. ജലത്തിൽ വച്ചു നടക്കുന്ന നാലു കായിക ഇനങ്ങളുടെ പേരെഴുതുക?
6. ബോൾ ടച്ച് പാസ്സിങ് എന്ന ഗെയിമിലൂടെ ലഭിക്കുന്ന ഗുണങ്ങൾ ഏവ?
7. പാരാലിംപിക്സിനെക്കുറിച്ച് ലഘു വിവരണം തയാറാക്കുക?
8. യോഗ പരിശീലനത്തിലൂടെ ലഭിക്കുന്ന പൊതുവായ ഗുണങ്ങൾ ഏതെല്ലാം?

9. ചിത്രത്തിലെ കായികതാരം ഉപയോഗിച്ചിരിക്കുന്ന ഏതെങ്കിലും നാലു സുരക്ഷാ ഉപകരണങ്ങളുടെ പേരുകൾ എഴുതുക?



**10 മുതൽ 11 വരെയുള്ള ചോദ്യങ്ങളിൽ ഒരെണ്ണത്തിന് ഉത്തരമെഴുതുക.**

10. ടീം ഗെയിമിൽ പങ്കെടുക്കുന്നതിലൂടെ ലഭിക്കുന്ന നേട്ടങ്ങൾ എന്തെല്ലാം ?

11. താഴെ കൊടുത്തിരിക്കുന്ന ചിത്രം നിരീക്ഷിച്ച് കായിക ഇനം ഏതാണെന്നും ഏതു മേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നും എഴുതുക?



**കായിക ഇനം:** ......................

**മേഖല:** ..............................

A



**കായിക ഇനം:** ......................

**മേഖല:** ..............................

B




**കായിക ഇനം:** ......................

**മേഖല:** ..............................

C

## കലാവിദ്യാഭ്യാസം

**1 മുതൽ 4 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതേണ്ടതാണ്.**

1. പ്രകൃതിയെ നിരീക്ഷിച്ചു വരക്കുന്ന ചിത്രങ്ങൾക്കു പറയുന്ന പേരെന്ത്?
   - ഓയിൽ പെയിന്റിംഗ്
   - ലാന്റ് സ്കേപ്പ് പെയിന്റിംഗ്
   - പോർട്രെയ്റ്റ് പെയിന്റിംഗ്
   - സ്റ്റിൽ ലൈഫ് പെയിന്റിംഗ്
2. താഴെ കൊടുത്തിരിക്കുന്നവയിൽ ശ്രുതി വാദ്യം ഏത്?
   - തംബുരു
   - വയലിൻ
   - തബല
   - ഗിത്താർ
3. ചിട്ടയായ അടിസ്ഥാന മുദ്രകൾ വേണ്ട നൃത്തരൂപമാണ് ?
   - സിനിമാറ്റിക് ഡാൻസ്
   - തിരുവാതിരകളി
   - ശാസ്ത്രീയ നൃത്തം
   - നാടോടി നൃത്തം
4. നേരിൽ കാണുന്ന അനുഭൂതിയോടെ കേട്ട് ആസ്വദിക്കുന്ന നാടകമേത്?
   - ചവിട്ടുനാടകം
   - റേഡിയോ നാടകം
   - പൊറാട്ട് നാടകം
   - വെള്ളരി നാടകം

**5 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ 2 ചോദ്യത്തിന് ഉത്തരമെഴുതുക.**

5. കാഴ്ചയിൽ ആനയും ജിറാഫും തമ്മിലുള്ള മൂന്നു വ്യത്യാസങ്ങൾ എഴുതുക?
6. നിങ്ങൾക്ക് കേട്ടു പരിചയമുള്ള മൂന്നു ദേശഭക്തി ഗാനങ്ങളുടെ രണ്ടു വരികൾ വീതം എഴുതുക
7. ഇടതു ഭാഗത്ത് കൊടുത്ത മുദ്രകൾ എന്തിനെ സൂചിപ്പിക്കുന്നു എന്ന്, വലതുഭാഗത്ത് നിന്ന് തിരഞ്ഞെടുത്തെഴുതുക.

| | | |
|---|---|---|
| • താമ്രചൂഡം | - | വിടർന്ന താമര |
| • ഭ്രമരം | - | പൂമൊട്ട് |
| • അളപത്മം | - | കോഴി |
| | - | അരയന്നത്തിന്റെ ചിറക് |
| | - | വണ്ട് |

8. ദേഷ്യം, വാത്സല്യം, പരിഹാസം എന്നീ ഭാവങ്ങൾ പ്രകടമാക്കുന്ന ഓരോ സന്ദർഭങ്ങൾ എഴുതുക?

   ഉദാ: കുറ്റം സമ്മതിക്കാതെ കളവു പറയുന്ന പ്രതിയോട് പോലീസുകാരന്റെ ഭാവം.

**9 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ ഒരു ചോദ്യത്തിന് ഉത്തരമെഴുതുക.**

9. പ്രശസ്ത ശില്പിയായ കാനായി കുഞ്ഞിരാമനെക്കുറിച്ച് താഴെ കൊടുത്തിട്ടുള്ള സൂചകങ്ങളിൽ 5 എണ്ണം ഉത്തരമായി വരുന്ന 5 ചോദ്യങ്ങൾ ഉണ്ടാക്കുക.

   **കാനായികുഞ്ഞിരാമൻ 1937 ജൂലൈ 25 ന് കാസർഗോഡ് ജില്ലയിൽ ജനിച്ചു. 1960-ൽ മദ്രാസ് സ്കൂൾ ഓഫ് ആർട്സിൽ നിന്നും ശില്പകലാപഠനം പൂർത്തിയാക്കി. മലമ്പുഴയിലെ 'യക്ഷി', ശംഖുമുഖത്തെ 'മത്സ്യകന്യക', 'മുക്കോല പെരുമാൾ' എന്നിവ പ്രധാന ശില്പങ്ങളാണ്. മലമ്പുഴ 'യക്ഷി' ശില്പത്തിന് 50 വയസ്സായി. കാനായി കുഞ്ഞിരാമൻ തന്നെയാണ് ശില്പം പുതുക്കുന്നത്.**

10. നാടൻ പാട്ടിനെക്കുറിച്ച് താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ നിന്നും ശരിയായ അഞ്ചെണ്ണം തിരഞ്ഞെടുത്തെഴുതുക.

    a. വാമൊഴി വഴക്കം കൂടുതലാണ്.

    b. ഈണവും താളവും വിഷമമേറിയതായിരിക്കും.

    c. നാടിന്റെ സംസ്കാരം വിളിച്ചോതുന്ന പാട്ടുകളായിരിക്കും.

d. അതതു നാട്ടിലെ തനതു വാദ്യോപകരണങ്ങൾ ഉപയോഗിക്കുക.
e. പണ്ടുകാലം മുതലേ എഴുതി തയാറാക്കിവെച്ച പാട്ടുകളായിരിക്കും.
f. ഓരോ ജനവിഭാഗത്തിനും അവരുടേതായ നാടൻ പാട്ടുകൾ ഉണ്ട്.
g. കർണാടകസംഗീതം പഠിച്ചാൽ മാത്രമേ നാടൻ പാട്ടുകൾ പാടാൻ കഴിയുകയുള്ളൂ.
h. സാധാരണക്കാരുടെ അനുഭവങ്ങളാണ് പാട്ടുകളുടെ ആശയമായത്.

11. താഴെ കൊടുത്തതിൽ നിന്നും കഥകളിയിലെ അഞ്ച് ആടയാഭരണങ്ങളുടെ പേര് തിരഞ്ഞെടുത്തെഴുതുക.

- കൃഷ്ണമുടി
- ചുട്ടിപ്പൂ
- മുകുളം
- കുറ്റിച്ചാമരം
- മനയോല
- ശ്രമം
- കഴുത്താരം

12. നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഒരു കുടുംബ ചിത്രത്തിന്റെ(സിനിമ) പേരെഴുതുക.
ഇഷ്ടപ്പെടാനുണ്ടായ നാല് കാരണങ്ങൾ എഴുതുക.

## പ്രവൃത്തി പഠനം

**1 മുതൽ 4 വരെയുള്ള ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം ബ്രാക്കറ്റിൽ നിന്ന് തിരഞ്ഞെടുത്ത് എഴുതുക.**

1. ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന സസ്യങ്ങളിൽ ലെയറിംഗ് രീതിയിൽ പുതിയ ചെടികൾ ഉത്പാദിപ്പിക്കാൻ സാധിക്കുന്ന സസ്യം ഏതാണ്?
   (ചെമ്പരത്തി, പപ്പായ, കുരുമുളക്ചെടി, റബ്ബർ)
2. അലങ്കാര തയ്യലിൽ പൂക്കളുടെ തണ്ട് തയ്ക്കുവാൻ ഉപയോഗിക്കുന്ന തയ്യൽ ഏത്?
   (സാറ്റിൻ സ്റ്റിച്ച്, ചെയിൻ സ്റ്റിച്ച്, സ്റ്റെം സ്റ്റിച്ച്, ബട്ടൺ ഹോൾ സ്റ്റിച്ച്)
3. ഇലക്കറികളിൽ ധാരാളം അടങ്ങിയിരിക്കുന്ന ജീവകം ഏത്?
   (ജീവകം B, ജീവകം E, ജീവകം D, ജീവകം A)
4. വെജിറ്റബിൾ പ്രിന്റിംഗ് നിർമ്മാണത്തിനുപയോഗിക്കുന്ന പെയിന്റ് ഏത്?
   (ഇനാമൽ പെയിന്റ്, വാട്ടർകളർ, ഫാബ്രിക് പെയിന്റ്, ഓയിൽ പെയിന്റ്)

**5 മുതൽ 9 വരെയുള്ള ചോദ്യങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതുക.**

5. ചുരുങ്ങിയ ചിലവിൽ നിർമ്മിക്കാവുന്ന, നിങ്ങൾക്കറിയാവുന്ന ഏതെങ്കിലും രണ്ടു ജൈവ വളങ്ങളുടെ പേര് എഴുതുക?
6. പച്ചക്കറി തോട്ട നിർമ്മാണത്തിനാവശ്യമായ സാധനസാമഗ്രികൾ ഏവ?
7. പ്രകൃതിദത്ത നാരുകൾക്ക് രണ്ടുദാഹരണം എഴുതുക?
8. തുണിയിഴകൾക്ക് ബലം നൽകാൻ ഉപയോഗിക്കുന്ന രണ്ടു പ്രകൃതിദത്ത വസ്തുക്കളുടെ പേര് എഴുതുക?
9. പെരിസ്കോപ്പ് നിർമ്മാണ പ്രവർത്തനം വിവരിക്കുക?

**10, 11 ചോദ്യങ്ങൾക്ക് ഒരെണ്ണത്തിന് ഉത്തരമെഴുതുക.**

10. പ്രകൃതിക്കിണങ്ങുന്ന വിധത്തിലും ആരോഗ്യത്തിനു ദോഷകരമല്ലാത്തതുമായ ഏതെങ്കിലും ഒരു കീടനാശിനി നിർമ്മിക്കുന്ന രീതി വിവരിക്കുക.
11. ഷീറ്റ് മെറ്റൽ കൊണ്ട് സ്പൂൺ, ഹാങ്ങർ നിർമ്മിക്കുന്ന രീതി വിവരിക്കുക.